ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22
ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി
സാമൂഹ്യശാസ്ത്രം 10




## 1..അന്തരീക്ഷമർദ്ദം

| | |
|---|---|
| അന്തരീക്ഷമർദ്ദം | അന്തരീക്ഷവായു ചെലുത്തുന്ന ഭാരം |
| ഭൗമോപരിതലത്തിൽ വായു ചെലുത്തുന്ന ശരാശരി ഭാരം | ചതുരശ്ര സെന്റീമീറ്ററിന് 1034 മില്ലീഗ്രാം |
| അന്തരീക്ഷമർദ്ദം അളക്കുന്നതിനുള്ള ഉപകരണം | രസബാരോമീറ്റർ |
| അന്തരീക്ഷമർദ്ദത്തിന്റെ ഏകകങ്ങൾ | ഹെക്ടോപാസ്കൽ ,മില്ലീബാർ |

അന്തരീക്ഷമർദ്ദമളക്കാനായ് രസബാരോമീറ്റർ ഉപകരണം
ഹെക്ടോപാസ്കൽ ,മില്ലീബാർ അന്തരീക്ഷമർദ്ദത്തിൻ ഏകകങ്ങൾ.
ഉയരം,താപം,ആർദ്രതയും മർദ്ദത്തിൻ സ്വാധീന ഘടകങ്ങൾ
ഉയരം,താപം,ആർദ്രത എന്നിവ മർദ്ദവുമായ് വിപരീതത്തിൽ
ഉയരവും താപവും ആർദ്രതയും കൂടുമ്പോൾ മർദ്ദം കുറഞ്ഞീടും
ഉയരവും താപവും ആർദ്രതയുംകുറയുമ്പോൾ മർദ്ദം കൂടീടും

## 2.അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ .

ഉയരം,താപം,ആർദ്രത


| | കൂടുമ്പോൾ | കുറയുമ്പോൾ |
|---|---|---|
| ഉയരം | അന്തരീക്ഷമർദ്ദം കുറയുന്നു | അന്തരീക്ഷമർദ്ദം കൂടുന്നു |
| താപം | അന്തരീക്ഷമർദ്ദം കുറയുന്നു | അന്തരീക്ഷമർദ്ദം കൂടുന്നു |
| ആർദ്രത | അന്തരീക്ഷമർദ്ദം കുറയുന്നു | അന്തരീക്ഷമർദ്ദം കൂടുന്നു |

**അന്തരീക്ഷമർദ്ദം ഉയരം,താപം,ആർദ്രത എന്നിവയുമായി വിപരീത അനുപാതത്തിലാണ്**

## 3 ചിത്ര വിശകലനം




ചിത്രം 1





ചിത്രം 2

# ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22

## ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി

## സാമൂഹ്യശാസ്ത്രം 10





സമുദ്രനിരപ്പിൽ നിന്നും ഒരേ ഉയരമുള്ള രണ്ടു സ്ഥലങ്ങളാണ് A യും B യും

ചിത്രം 3

| | അന്തരീക്ഷമർദ്ദം കൂടുതൽ/കുറവ് | കാരണം |
|---|---|---|
| ചിത്രം 1 | അന്തരീക്ഷമർദ്ദം കൂടുതൽ B യിൽ കുറവ്A യിൽ | ഉയരം കൂടുമ്പോൾ അന്തരീക്ഷമർദ്ദം കുറയുന്നു .ഉയരം കൂടുമ്പോൾ മുകളിലുള്ള വായുവിന്റെ അളവ് കുറഞ്ഞു വരുന്നു .വായുചെലുത്തുന്ന ഭാരമാണല്ലോ അന്തരീക്ഷമർദ്ദം .ആയതിനാൽ ഉയരം കൂടുതലുള്ള A പ്രദേശത്തു മർദ്ദം കുറവ് .ഉയരം കുറഞ്ഞ B പ്രദേശത്തു മർദ്ദം കൂടുതൽ |
| ചിത്രം 2 | അന്തരീക്ഷമർദ്ദം കൂടുതൽ B യിൽ കുറവ് A യിൽ | താപം കൂടുമ്പോൾ അന്തരീക്ഷമർദ്ദം കുറയുന്നു.A പകൽ സമയത്തെ സൂചിപ്പിക്കുന്നു .B രാത്രിസമയത്തെ സൂചിപ്പിക്കുന്നു പകൽ വായു ചൂട് പിടിക്കുന്നു .വികസിക്കുന്നു .മുകളിലേക്ക് പോകുന്നു വായു സാന്ദ്രത കുറയുന്നു .അങ്ങനെ അന്തരീക്ഷ മർദ്ദം കുറയുന്നു . |
| ചിത്രം 3 | അന്തരീക്ഷമർദ്ദം കൂടുതൽ B യിൽ കുറവ് A യിൽ | ആർദ്രത കൂടുമ്പോൾ അന്തരീക്ഷമർദ്ദം കുറയുന്നു.അന്തരീക്ഷത്തിലെ ജലാംശത്തിന്റെ അളവാണ് ആർദ്രത .നീരാവിക്ക് വായുവിനേക്കാൾ ഭാരം കുറവാണ് ഇന്ത്യ ഭൂമധ്യരേഖയ്ക്ക് അടുത്ത് കിടക്കുന്ന രാജ്യമാണ് കടലിനടുത്തുള്ള പ്രദേശമാണ് .അതിനാൽ ആർദ്രത കൂടുതലാണ് |

## 4. സമമർദ്ദരേഖകൾ

**ഒരേ അന്തരീക്ഷമർദ്ദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ട് വരയ്ക്കുന്ന സാങ്കൽപിക രേഖകൾ .**




## 5.ആഗോളമർദ്ദമേഖലകളും അവയുടെ സവിശേഷതകളും.


| .ആഗോളമർദ്ദമേഖലകൾ | സവിശേഷതകൾ |
|---|---|
| മധ്യരേഖാ ന്യൂനമർദ്ദമേഖല | ◆ അക്ഷാംശ വ്യാപ്തി  പൂജ്യം  ഡിഗ്രി മുതൽ വടക്ക് 5 ഡിഗ്രി വരെ , പൂജ്യം ഡിഗ്രി മുതൽ തെക്ക് 5 ഡിഗ്രി വരെ.<br>◆ ന്യൂനമർദ്ദം<br>◆ സൂര്യരശ്മി ലംബമായി പതിക്കുന്ന മേഖല .<br>◆ ചൂട് കൂടുതൽ..മർദ്ദം കുറവ്<br>◆ കാറ്റുകൾ ദുർബലം ,നിർവാതമേഖല |
| ഉപോഷ്ണ ഉച്ചമർദ്ദമേഖല | ◆ അക്ഷാംശ വ്യാപ്തി  വടക്കും തെക്കും 5 ഡിഗ്രി മുതൽ 30 ഡിഗ്രി വരെ<br>◆ ഉച്ചമർദ്ദം .<br>◆ ഭൂ ഭ്രമണത്തിന്റെ സ്വാധീനത്താൽ മധ്യരേഖയിൽനിന്നും ചൂടുപിടിച്ചുയരുന്ന വായു ഈ മേഖലയിലേക്ക് താഴ്ന്നിറങ്ങുന്നു |
| ഉപധ്രുവീയ  ന്യൂനമർദ്ദമേഖല | ◆ അക്ഷാംശ വ്യാപ്തി  വടക്കും തെക്കും 30 ഡിഗ്രി മുതൽ 60 ഡിഗ്രി വരെ.<br>◆ ന്യൂനമർദ്ദം .<br>◆ ഭൂ ഭ്രമണത്തിന്റെ സ്വാധീനത്താൽ തണുത്തവായു മുകളിലേയ്ക്ക് ചുഴറ്റി എറിയപ്പെടുന്നു |
| ധ്രുവീയ ഉച്ചമർദ്ദമേഖല | ◆ അക്ഷാംശ വ്യാപ്തി  വടക്കും തെക്കും 60 ഡിഗ്രി മുതൽ 90 ഡിഗ്രി വരെ.<br>◆ വർഷം മുഴുവൻ തണുപ്പ് അനുഭവപ്പെടുന്ന മേഖല<br>◆ ഉച്ചമർദ്ദം . |

**ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22**

**ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി**

**സാമൂഹ്യശാസ്ത്രം 10**

ആഗോളമർദ്ദമേഖലകളുടെ ചിത്രീകരണം



ആഗോളമർദമേഖലകൾ

**6 കാറ്റിന്റെ വേഗതയേയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ .**

| | |
|---|---|
| **മർദ്ദചരിവ്** | ◆ **വേഗതയെ സ്വാധീനിക്കുന്നു**<br>◆ **മർദ്ദചരിവു കൂടുമ്പോൾ കാറ്റിന്റെ വേഗത കൂടുന്നു**<br>◆ **തിരശ്ചീനതലത്തിൽ അനുഭവപ്പെടുന്ന മർദ്ദവ്യതിയാനമാണ് മർദ്ദചരിവ്.**<br>◆ **അടുത്തടുത്ത് തിരശ്ചീനതലത്തിൽ മർദ്ദവ്യത്യാസം കൂടുതലാണെങ്കിൽ മർദ്ധചരിവു കൂടുതലാണ് .** |
| **കൊറിയോലിസ്** | ◆ **ദിശയെ സ്വാധീനിക്കുന്നു.**<br>◆ **കാറ്റുകൾ ഉത്തരാർധഗോളത്തിൽ സഞ്ചാരദിശക്ക് വലത് വശത്തേക്കും ദക്ഷിണാർദ്ധഗോളത്തിൽ സഞ്ചാരദിശക്ക് ഇടത് വശത്തേക്കും വ്യതിചലിക്കുന്നു .** |
| **ഘർഷണം** | ◆ **വേഗതയെ സ്വാധീനിക്കുന്നു.**<br>◆ **ഘർഷണം കുറയുമ്പോൾ കാറ്റിന്റെ വേഗത കൂടുന്നു.**<br>◆ |

# ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22

## ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി

## സാമൂഹ്യശാസ്ത്രം 10

7.കൊറിയോലിസ് ബലം

ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ഭൂഭ്രമണം കാരണം ഉത്തരാർധഗോളത്തിൽ സഞ്ചാരദിശക്ക് വലത് വശത്തേക്കും ദക്ഷിണാർദ്ധഗോളത്തിൽ സഞ്ചാരദിശക്ക് ഇടത് വശത്തേക്കും വ്യതിചലനം ഉണ്ടാകുന്നു .ഇതിനു കാരണമാകുന്ന ബലമാണ് കൊറിയോലിസ് ബലം .

8.കാറ്റുകളെ തരം തിരിക്കൽ (വർഗ്ഗീകരിക്കൽ )

**കാറ്റുകൾ**

- **ആഗോള വാതങ്ങൾ**
  - വാണിജ്യവാതങ്ങൾ
  - പശ്ചിമവാതങ്ങൾ
  - ധ്രുവീയ പൂർവവാതങ്ങൾ
- **കാലികവാതങ്ങൾ**
  - കടൽക്കാറ്റ്
  - കരക്കാറ്റ്
  - പർവ്വതക്കാറ്റ്
  - താഴ്വരക്കാറ്റ്
  - മൺസൂൺ
- **പ്രാദേശികവാതങ്ങൾ**
  - ലൂ
  - ചിനൂക്ക്
  - ഫൊൻ
  - ഹർമാറ്റൻ
  - മാംഗോഷവർ
  - കാൽബൈശാഖി
- **അസ്ഥിരവാതങ്ങൾ**
  - ചക്രവാതം
  - പ്രതിചക്രവാതം

9. **ആഗോള വാതങ്ങൾ**

- **ആഗോളമർദ്ദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകൾ .**
- **വർഷം മുഴുവൻ ആഗോളമർദ്ദമേഖലകൾക്കിടയിൽ സ്ഥിരമായി വീശുന്നു**

**വാണിജ്യവാതങ്ങൾ**


- **ആഗോളവാതം**
- **ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽ നിന്നും മധ്യരേഖാന്യൂനമർദ്ദമേഖലയിലേക്ക് നിരന്തരം വീശുന്നു .**
- **ഉത്തരാർധഗോളത്തിൽ വടക്ക്കിഴക്കൻ വാണിജ്യവാതങ്ങൾ.**
- **ദക്ഷിണാർദ്ധഗോളത്തിൽ തെക്കു കിഴക്കൻ വാണിജ്യവാതങ്ങൾ.**
- **വാണിജ്യവാതങ്ങൾ സംഗമിക്കുന്ന മേഖല ഇന്റർട്രോപ്പിക്കൽ കൺവർജൻസ് സോൺ**

**പശ്ചിമവാതങ്ങൾ**

- **ആഗോളവാതം**
- **ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദമേഖലയിലേക്ക് നിരന്തരം വീശുന്നു .**
- **ദിശ ...... പടിഞ്ഞാറുനിന്നും വീശുന്നു .**
- **ദക്ഷിണാർദ്ധഗോളത്തിൽ കൂടുതൽ സമുദ്രമായതിനാൽ ഘർഷണം കുറവ് .കാറ്റിനു വേഗത കൂടുതൽ .**
- **റോറിംഗ് ഫോർട്ടീസ് (40°തെക്ക് അക്ഷാംശം )ഫ്യൂരിയസ് ഫിഫ്റ്റിസ് (50°തെക്ക് അക്ഷാംശം )ഷ്റീക്കിങ്ങ് സിക്സ്റ്റിസ് (60°തെക്ക് അക്ഷാംശം )**

**ധ്രുവീയ പൂർവവാതങ്ങൾ**

- **ആഗോളവാതം**
- **ധ്രുവീയ ഉച്ചമർദ്ദമേഖലകളിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദമേഖലയിലേക്ക് വീശുന്നു .**
- **ഹിമക്കാറ്റുകൾ**
- **ദിശ ...... കിഴക്ക്നിന്നും വീശുന്നു**
- **വടക്കേ അമേരിക്ക .വടക്കൻ യൂറോപ്യൻ രാജ്യങ്ങൾ ,റഷ്യ ,എന്നീ മേഖലകളിലെ കാലാവസ്ഥയെ സ്വാധീനിക്കുന്നു**



## 10.കാലികവാതങ്ങൾ

നിശ്ചിത ഇടവേളകളിൽ മാത്രം ആവർത്തിച്ചുണ്ടാകുന്ന കാറ്റുകൾ .

### മൺസൂൺ  കാറ്റുകൾ

മൺസൂൺ  കാറ്റുകളുടെ രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ .

സൂര്യന്റെ അയനം
കൊറിയോലിസ് പ്രഭാവം
താപനത്തിലെ വ്യത്യാസങ്ങൾ

### തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റ്

- ചില മാസങ്ങളിൽ ഭൂമധ്യരേഖക്ക്  വടക്ക് സൂര്യരശ്മി ലംബമായി പതിക്കുന്നു താപനില വർധിക്കുന്നു
- മർദ്ദമേഖലകൾക്ക് വടക്കോട്ട് നേരിയ സ്ഥാനമാറ്റം
- കരയിൽ ന്യൂനമർദ്ദം .ഇന്ത്യൻമഹാസമുദ്രത്തിൽ ഉച്ചമർദ്ധം
- സമുദ്രത്തിൽനിന്നും ഇന്ത്യയുടെ കരഭാഗത്തേയ്ക്ക് കാറ്റ് വീശുന്നു
- ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലത്ത് മധ്യരേഖാ ന്യൂനമർദ്ദമേഖല വടക്കോട്ട് നീങ്ങുന്നു
- തെക്കുകിഴക്കൻ വാണിജ്യവാതങ്ങൾക്ക്   മധ്യരേഖ കടക്കുന്നതോടെദിശാമാറ്റം
- കോറിയിലിസ് പ്രഭാവം കാരണം തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റായി മാറുന്നു

### വടക്ക് കിഴക്കൻ മൺസൂൺ കാറ്റ്

- ശൈത്യകാലത്ത് ഉത്തരാർദ്ധഗോളത്തിലെ വന്കരകൾക്കു മേൽ ഉച്ചമർദ്ദം ഇന്ത്യൻമഹാസമുദ്രത്തിൽ ന്യൂനമർദ്ദം
- വടക്കുകിഴക്കൻ വാണിജ്യവാതങ്ങൾ ശക്തിപ്പെടുന്നു
- ഇതാണ് വടക്കുകിഴക്കൻ മൺസൂൺ കാറ്റ്

# ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22

## ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി

## സാമൂഹ്യശാസ്ത്രം 10

| കാറ്റിന്റെ പേര് | മർദ്ദം കൂടുതൽ | മർദ്ദം കുറവ് | എവിടെ നിന്നും എങ്ങോട്ട് വീശുന്നു | പകൽ/രാത്രി എന്തുകൊണ്ട്? |
|---|---|---|---|---|
| കരക്കാറ്റ് | കരയിൽ | കടലിൽ | കരയിൽനിന്നും കടലിലേക്ക് | രാത്രി . കര പെട്ടെന്ന് തണുക്കുന്നു കരയിൽ ഉച്ചമർദ്ദം കടലിൽ ന്യൂനമർദ്ദം കരയിൽനിന്നും കടലിലേക്ക് കാറ്റ് വീശുന്നു |
| കടൽക്കാറ്റ് | കടലിൽ | കരയിൽ | കടലിൽ നിന്നുംകരയിലേക്ക് | പകൽ കര പെട്ടെന്ന് ചൂടുപിടിക്കുന്നു താപം കൂടുതൽ കരയിൽ ന്യൂനമർദ്ദം കടലിൽ ഉച്ചമർദ്ധം കടലിൽ നിന്നും കരയിലേക്ക് കട്ട് വീശുന്നു |
| പർവ്വതക്കാറ്റ് | പർവ്വതങ്ങളുടെ മുകൾഭാഗത്ത് | താഴ്‌വരയിൽ | പർവ്വതങ്ങളുടെ മുകൾഭാഗത്ത് നിന്നുംതാഴ്‌വരയിലേക്ക് | രാത്രി പർവ്വതങ്ങളുടെ മുകൾഭാഗം തണുക്കുന്നു .ഉച്ചമർദ്ധം |
| താഴ്‌വരക്കാറ്റ് | താഴ്‌വരയിൽ | പർവ്വതങ്ങളുടെ മുകൾഭാഗത്ത് | താഴ്‌വരയിൽ നിന്നുംപർവ്വതങ്ങളുടെ മുകൾഭാഗത്തേക്ക് | പകൽ.പർവ്വതങ്ങളുടെ മുകൾഭാഗംപെട്ടെന്ന്ച ൂടുപിടിക്കുന്നു .ന്യൂന മർദ്ദം |

ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22

ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി

സാമൂഹ്യശാസ്ത്രം 10

## 11.പ്രാദേശികവാതങ്ങളും സവിശേഷതകളും

| | |
|---|---|
| ലൂ | ഇന്ത്യ<br>ഉത്തരസമതലത്തിൽ വീശുന്നു .<br>ഉഷ്ണക്കാറ്റ്<br>വേനലിന്റെ കാഠിന്യം കൂട്ടുന്നു |
| ചിനൂക്ക് | വടക്കേ അമേരിക്ക<br>റോക്കി പർവ്വതത്തിന്റെ കിഴക്കൻ ചരിവിൽ വീശുന്നു .<br>മഞ്ഞുതീനി<br>ഗോതമ്പ് കൃഷിക്ക് പ്രയോജനം |
| ഫൊൻ | യൂറോപ്പ്<br>ആൽപ്സ് പർവതത്തിന്റെ താഴ്വരയിൽ വീശുന്നു .<br>തണുപ്പിന്റെ കാഠിന്യം കുറയ്ക്കുന്നു |
| ഹർമാറ്റൻ | ആഫ്രിക്ക<br>സഹാറ മരുഭൂമിയിൽനിന്നും പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്നു |
| മാംഗോഷവേഴ്സ് | ദക്ഷിണേന്ത്യയിൽ വീശുന്നു . ഉഷ്ണകാലത്ത് വീശുന്നു മാങ്ങ പഴുക്കുന്നതിനും പൊഴിയുന്നതിനും കാരണമാകുന്നു |

## 12.ചക്രവാതങ്ങൾ

അസ്ഥിരവാതം
അന്തരീക്ഷത്തിൽ ഒരു ന്യൂനമർദ്ദമേഖല ചുറ്റും ഉച്ചമർദ്ദമേഖല
ന്യൂനമർദ്ദ കേന്ദ്രത്തിലേക്ക് ഉച്ചമർദ്ദ മേഖലയിൽനിന്നും കാറ്റ് ശക്തമായി ചുഴറ്റി വീശുന്നു
കോറിയോലിസ് പ്രഭാവത്താൽ കാറ്റിന്റെ ദിശ :ഉത്തരാർധ ഗോളത്തിൽ എതിർഘടികാരദിശ
ദക്ഷിണാർദ്ധഗോളത്തിൽ ഘടികാരദിശ
ഉദാഹരണം :ഓഖി ചുഴലിക്കാറ്റ്

### പ്രതിചക്രവാതങ്ങൾ

അസ്ഥിരവാതം
നടുവിൽ ഉച്ചമർദ്ദമേഖല ചുറ്റും ന്യൂനമർദ്ദമേഖല
ഉച്ചമർദ്ദ കേന്ദ്രത്തിൽനിന്നും ന്യൂനമർദ്ദമേഖലയിലേക്ക് കാറ്റ് വീശുന്നു
കോറിയോലിസ് പ്രഭാവത്താൽ കാറ്റിന്റെ ദിശ: ഉത്തരാർധ ഗോളത്തിൽ ഘടികാരദിശ
ദക്ഷിണാർദ്ധഗോളത്തിൽ എതിർഘടികാരദിശ

**LAILA N NADUTHODIYIL**

**GHSS PERASSANNUR**

# ജി എച്ച് എസ് എസ് പേരശ്ശന്നൂർ .2021-22

**ഫസ്റ്റ്ബെൽ സഹായക പഠനസാമഗ്രി**

**സാമൂഹ്യശാസ്ത്രം** 10

## പ്രാദേശികവാതങ്ങൾ

**ചെറുപ്രദേശങ്ങളിൽ വീശിടും കാറ്റുകൾ പ്രാദേശികവാതങ്ങൾ .**
**ലൂ,മാംഗോഷാവേഴ്സ്,കാൽബൈശാഖിഇന്ത്യൻപ്രാദേശികവാതങ്ങൾ**
**രാജസ്ഥാൻ മരുഭൂവിൽനിന്നും ഉത്തരസമതലത്തിലേക്ക്**
**വീശിടും" ലൂ" ഉഷ്ണക്കാറ്റ് ,വേനൽ തീഷ് ണത കൂട്ടും കാറ്റ്**
**മാംഗോഷവറും ഇന്ത്യൻകാറ്റ്, ദക്ഷിണേന്ത്യയിൽ വീശിടും കാറ്റ്**
**മാംഗോഷവറും ഇന്ത്യൻകാറ്റ്,മാമ്പഴങ്ങൾ പൊഴിക്കും കാറ്റ് .**

**വടക്കേയമേരിക്കയിലെ റോക്കിപർവ്വതനിരയുടെ**
**കിഴക്കൻ ചരിവിൽ വീശും കാറ്റ് ചിനൂക്കാണല്ലോ**
**മഞ്ഞുതീനിക്കാറ്റാണല്ലോ ,ഗോതമ്പിന്നനുയോജ്യക്കാറ്റ് .**
**ആൽപ്സ് പർവത താഴ്വരയിൽ വീശുംകാറ്റ് ഫൊൻ കാറ്റ്**
**പടിഞ്ഞാറാഫ്രിക്കയിലേക്ക്  വീശുംകാറ്റല്ലോ ഹർമാറ്റൻ,**
**മെച്ചപ്പെടുത്തും കാലാവസ്ഥ പേരും വന്നൂ ഡോക്ടർ ഹർമാറ്റൻ.**

**LAILA N NADUTHODIYIL**
**GHSS PERASSANNUR**

**LAILA N NADUTHODIYIL**
**GHSS PERASSANNUR**